പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ

93 [2130] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വെഹിക്കിൾ ആക്ടിൽ വാഹനങ്ങൾ വാതകം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ;

(ബി) സംസ്ഥാനത്ത് വ്യാപകമായി അപകടകരമായ രീതിയിൽ പാചകവാതക സിലിണ്ടറുകൾ ഉപയോഗിച്ച് വാഹനങ്ങൾ പ്രവർത്തിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സർക്കാർ ഏജൻസികൾ നേരിട്ട് വാഹനങ്ങളിൽ ഗ്യാസ് ഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ സ്ഥാപനങ്ങൾ വാഹനങ്ങളിൽ ഗ്യാസ് ഘടിപ്പിച്ചു നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) പുതുതായി ഇറക്കുന്ന വാഹനങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ ഗ്യാസ് ടാങ്ക് നിർമ്മിക്കുന്നതിനും, ഫില്ലിംഗ് സമ്പ്രദായം ശാസ്ത്രീയമാക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പാചക വാതകം ഉപയോഗിച്ച് മോട്ടോർ വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്.

(സി) സർക്കാർ നേരിട്ട് ഏജൻസികൾ നടത്താൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) മോട്ടോർ വാഹനങ്ങളിൽ ഗ്യാസ് ഉപയോഗിക്കുന്നതിന് സ്ഥിരമായ ഗ്യാസ് ടാങ്ക് ആണ് ഉപയോഗിക്കേണ്ടത്. ഉപയോഗിക്കേണ്ട ഗ്യാസ് ടാങ്കിനെക്കുറിച്ചും ഗ്യാസ് ഫില്ലിംഗ് സ്റ്റേഷൻ നടത്താൻ ഉദ്ദേശിക്കുന്ന 'ആട്ടോ എൽ. പി. ജി. ഡിസ്പെൻസിംഗ് ഡീലറെ' സംബന്ധിച്ചും വ്യക്തമായ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly